**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 170

07.03.2017 - ലെ മറുപടിക്ക്

**എസ്.ബി.ഐ - എസ്.ബി.ടി ലയനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.ബി.സതീഷ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി.പി. അയിഷാപോറ്റി<br>ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) എസ്.ബി.ടി യെ ഇല്ലായ്മ ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കം സംസ്ഥാനത്തിന്റെ വികസന താല്പര്യങ്ങളെ ഏതുവിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) കർഷകർക്ക് കുറഞ്ഞ നിരക്കിലുള്ള വായ്പ നൽകികൊണ്ട് സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വളർച്ചയിൽ ഗണ്യമായ ഒരു പങ്കാണ് എസ്.ബി.റ്റി വഹിക്കുന്നത്. എസ്.ബി.റ്റി സംസ്ഥാന സർക്കാരുമായി സഹകരിച്ച് കാർഷിക, സഹകരണ, സ്വയംതൊഴിൽ തുടങ്ങിയ മേഖലകൾക്കുള്ള വായ്പകളിന്മേലുള്ള സബ്സിഡികൾ നൽകിവരുന്നു. കൂടാതെ വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതും എസ്.ബി.റ്റിയാണ്. അതിലുപരി, മറ്റ് ബാങ്കുകളെ അപേക്ഷിച്ച് സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് വായ്പകൾ നൽകുന്നത് പ്രധാനമായും എസ്.ബി.റ്റി ആണ്. ശ്രദ്ധേയമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, സ്കോളർഷിപ്പ് സ്കീം തുടങ്ങിയ സ്കീമുകളും DBT മുഖേനയുള്ള പ്രധാനപ്പെട്ട എല്ലാ സാമ്പത്തിക ഇടപാടുകളും സംസ്ഥാന സർക്കാർ എസ്.ബി.റ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ എസ്.ബി.ഐ - എസ്.ബി.റ്റി ലയനം ഇത്തരത്തിലുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ഇട |

പാടുകളെ പ്രതികൂലമായി ബാധിക്കുന്നു. സംസ്ഥാനത്ത് ലഭിക്കുന്ന മൊത്തം നിക്ഷേപത്തിന്റെ 90 ശതമാനവും കാർഷിക, വ്യവസായ, വിദ്യാഭ്യാസ മേഖലകൾക്ക് വായ്പയായി നൽകുന്നതിനാൽ ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. പ്രാദേശികമായ വികസന താല്പര്യങ്ങൾക്ക് മുൻഗണന നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന എസ്.ബി.റ്റി പോലുള്ള ബാങ്ക്, ദേശീയ താല്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു ബാങ്കായി മാറുന്നത് സംസ്ഥാനത്തിന്റെ വികസന താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു

(ബി) സംസ്ഥാന നിയമസഭ ഐകകണ്ഠേന ആവശ്യപ്പെട്ടിട്ടും കേന്ദ്രസർക്കാർ വിപരീത നിലപാട് സ്വീകരിക്കുന്നത് തിരുത്തിക്കാനായി എന്ത് ജനാധിപത്യ മാർഗ്ഗം അവലംബിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) നിലപാട് തിരുത്താൻ ആവശ്യപ്പെട്ടുകൊണ്ട് സർവകക്ഷി സംഘം കേന്ദ്രസർക്കാരിനെ സമീപിക്കാൻ വേണ്ട നടപടി ഉണ്ടാകുമോ?

(ബി) യും (സി) യും: കേരളത്തിലെ പൊതുജനങ്ങളുടെ വികാരവും സംസ്ഥാന സർക്കാരിന് ഇതേക്കുറിച്ചുള്ള ഉറച്ച അഭിപ്രായവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

Deep

സെക്ഷൻ ഓഫീസർ